## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4071 25.06.2014-ൽ മറുപടിക്ക്

## ഡോക്ടർമാർക്കെതിരെയുള്ള ശിക്ഷാ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.കെ.ബഷീർ** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ)സംസ്ഥാനത്ത് സർക്കാർ ഡോക്ടർ മാർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുമ്പോൾ ബന്ധപ്പെട്ട സർവ്വീസ് സംഘടനകളുടെ ഭാഗത്തുനിന്നും ശക്തമായ പ്രതിഷേധം ഉണ്ടാകുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ചില കേസുകളിൽ മാത്രം സർവ്വീസ് സംഘടനകളുടെ പ്രതിഷേധം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രതിഷേധത്തെ തുടർന്ന് കുറ്റക്കാർ ക്കെതിരെയുള്ള ശിക്ഷാ നടപടികൾ ഉപേക്ഷിക്കുകയോ ഇളവ് ചെയ്യുകയോ ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) കുറ്റക്കാർക്കെതിരെ നിയമപ്രകാരം കർശന നടപടി സ്വീകരിക്കുമോ; | (സി) കുറ്റക്കാർക്കെതിരെ നിലവിലുള്ള സർവ്വീസ് ചട്ടങ്ങൾ പ്രകാരം കർശന നടപടികൾ സ്വീകരിക്കാറുണ്ട്. |
| (ഡി) ഡോക്ടർമാർക്കെതിരെയുള്ള പരാതി കൾ അന്വേഷിക്കുന്നതിനും ശിക്ഷാ നടപടികൾ നിശ്ചയിക്കുന്നതിനും റിട്ടേർഡ് ജഡ്ജി അദ്ധ്യക്ഷനായി ഒരു സമിതി രൂപീകരിക്കുമോ? | (ഡി) ആരോഗ്യ വകുപ്പിന് ഒരു സംസ്ഥാനതല വിജിലൻസ് ഓഫീസറായി ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്) ഉം കൂടാതെ മൂന്ന് റീജിയണൽ വിജിലൻസ് യൂണിറ്റുകളും, ജില്ലാതലത്തിലും, സംസ്ഥാന തലത്തിലും അപ്പക്സ് ബോഡികളും നിലവിലുണ്ട്. കൂടാതെ പോലീസ് വിജിലൻസും പരിശോധന നടത്തുന്നുണ്ട്. ആയതിനാൽ റിട്ടേർഡ് ജഡ്ജി അദ്ധ്യക്ഷനായി ഒരു സമിതി രൂപീകരിക്കണമെന്ന ആവശ്യം പരിഗണന യിലില്ല. |

സെക്ഷൻ ഓഫീസർ